നൽകുകയെന്നത് ഇന്നത്തെ സാഹചര്യത്തിൽ പ്രായോഗികമല്ലാത്തതിനാലും സുപ്രീം കോടതിവിധി എത്രയും വേഗം നടപ്പാക്കേണ്ടിയിരുന്നതിനാലും സർക്കാർ ചെലവിൽ വിദ്യാഭ്യാസം നൽകാൻ തീരുമാനിക്കുകയാണുണ്ടായത്.

(സി) തൊഴിലെടുക്കുന്ന കുട്ടികൾക്ക് ഇപ്പോൾ സർക്കാർ നടപ്പിലാക്കി വരുന്ന അനൗപചാരിക വിദ്യാഭ്യാസം കൂടുതൽ സജീവമാക്കുന്നതോടൊപ്പം സംസ്ഥാനത്തെ തൊഴിലെടുക്കുന്ന മുഴുവൻ ബാലതൊഴിലാളികളെയും കണ്ടെത്തി അവർക്കു വിദ്യാഭ്യാസം നൽകുന്നതിനായിട്ടുള്ള പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു.

(ഡി) സംസ്ഥാനത്തു തൊഴിലെടുക്കുന്ന കുട്ടികൾക്കു 1986-ലെ ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റഗുലേഷൻ) ആക്ട് 1993-ലെ കേരള ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റഗുലേഷൻ) റൂൾസ് എന്നിവ അനുസരിച്ചുള്ള വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനു പുറമെ സുപ്രീം കോടതിയുടെ 1996-ലെ വിധിയുടെ അടിസ്ഥാനത്തിൽ തൊഴിലെടുക്കുന്ന കുട്ടികൾക്കു ദിവസം രണ്ട് മണിക്കൂർ വിദ്യാഭ്യാസം നൽകുന്നതിനായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലായി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഈ സെന്ററുകളിൽ എത്തുന്ന കുട്ടികൾക്കു ദിവസവും 10 രൂപാ നിരക്കിലുള്ള ലഘുഭക്ഷണവും, ഒരു ജോഡി യൂണിഫാറവും, പഠനോപകരണങ്ങളും, ഗെയിംസിനുള്ള ഉപകരണങ്ങളും നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു ജോടി യൂണിഫാറം തൊഴിലുടമ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്നു കാണുകയാണെങ്കിൽ ഇത് പരിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(എഫ്) സംസ്ഥാനത്തെ തൊഴിലെടുക്കുന്ന മുഴുവൻ ബാലതൊഴിലാളികളെയും കണ്ടെത്തി അവർക്കു വിദ്യാഭ്യാസം നൽകുന്നതിനായിട്ടുള്ള പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു നടപടി

5 (*185) ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉന്നത വിദ്യാഭ്യാസത്തിന് ആഗ്രഹിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ഡി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനഫലമായി ഉണ്ടായ പുരോഗതി വെളിപ്പെടുത്താമോ ;

(ഇ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്കൂളുകളിൽ നിന്നും പിരിഞ്ഞുപോകുന്നത് അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) എല്ലാ ഫീസാനുകൂല്യങ്ങളും വിദ്യാഭ്യാസആനുകൂല്യങ്ങളും നൽകുന്നുണ്ട്. കേരളത്തിന് പുറത്ത് ഉന്നത വിദ്യാഭ്യാസത്തിന് പോകുന്നവർക്കും ഈ ആനുകൂല്യങ്ങൾ ലഭ്യമാണ്. ഇതിനു പുറമെ ഇന്ത്യയ്ക്കു പുറത്ത് ഉന്നത വിദ്യാഭ്യാസത്തിന് പോകുന്നവർക്ക് 1.5 ലക്ഷം രൂപ പലിശയില്ലാതെയും 10 ലക്ഷം രൂപവരെ കുറഞ്ഞ നിരക്കിലും വായ്പ നൽകുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(ഡി) മെച്ചപ്പെട്ട വിദ്യാഭ്യാസം മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് ലഭിക്കുന്നു. അഞ്ചു വർഷമായി എസ്. എസ്.എൽ.സി. ക്കു 100 ശതമാനം വിജയം നേടുന്നത് ഇതിന് തെളിവാണ്. വിശദാംശം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(ഇ) അനുബന്ധം III ആയി ചേർത്തിട്ടുണ്ട്. *

നീതി സ്പെയർപാർട്സ് സ്റ്റോറുകൾ

6 (*186) ശ്രീ. ഇ. ടി മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങളുടെ ഗുണനിലവാരമുള്ള സ്പെയർ പാർട്സുകൾ ന്യായ വിലയ്ക്ക് ലഭ്യമാക്കാൻ നീതി സ്പെയർപാർട്സ് സ്റ്റോറുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

(ബി) സ്റ്റോറുകൾ എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദവിവരം വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly